പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **2021** **05-05-2017** ൽ മറുപടിക്ക്

## <u>പട്ടിക ജാതിക്കാർക്കായി കടിശ്ശിക നിവാരണ പദ്ധതി</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.രാജേന്ദ്രൻ<br>,, മുരളി പെരുനെല്ലി<br>,, കെ. ആൻസലൻ<br>,, കെ.ഡി. പ്രസേനൻ : | | ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കായി കടിശ്ശികവായ്പാ നിവാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം തരത്തിലുള്ള വായ്പകളാണ് പ്രസ്തുത പദ്ധതി പ്രകാരം എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സർക്കാർ ഉത്തരവ് (അച്ചടി) നം.100/2009 പജ.പവ.വിവ തീയ്യതി 12/11/2009 പ്രകാരം സർക്കാർ വകുപ്പുകൾ, കോർപ്പേറഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 25,000/- രൂപയിൽ താഴെ ഉള്ളതുമായ 31.03.2006 ന് കാലാവധി കഴിഞ്ഞതുമായ വായ്പകളാണ് എഴുതി തള്ളുവാൻ തീരുമാനിച്ചത്. സർക്കാർ ഉത്തരവ് (അച്ചടി) നം.99/13 തീയതി 10/12/2013 പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്നെടുത്ത കടങ്ങളിൽ 50,000/- രൂപയുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചു<br>സർക്കാർ ഉത്തരവ് (പി) നം.24/2015 തീയ്യതി 30/03/2015 പ്രകാരം ഒന്നര ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നെടുത്തിട്ടുള്ളതും 31/03/2010 ന് തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ ഒരു |

| | | | |
|---|---|---|---|
| | | | വായ്പയ്ക്ക് മുതലും പലിശയും അടക്കം ഒരു ലക്ഷം രൂപവരെയുള്ള ബാദ്ധ്യതകൾ സർക്കാർ എഴുതിത്തള്ളുന്നു. വായ്പാ കണക്കിലെ പിഴപ്പലിശ/മറ്റു ചാർജ്ജുകൾ എന്നിവ സ്ഥാപനങ്ങൾ എഴുതി ത്തള്ളേണ്ടതും ബാക്കി വരുന്ന തുക വായ്പക്കാർ അടയ്ക്കേണ്ടതുമാണ്. ഈ ഇനത്തിൽ മുൻ സർക്കാരിന്റെ കാലത്ത് നൽകുവാൻ ബാക്കിയുണ്ടായിരുന്ന 88.54 കോടി രൂപ 2016-17 വർഷം അനുവദിച്ചിട്ടുണ്ട്.<br>മേൽപറഞ്ഞ രണ്ട് ഉത്തരവുകൾ കൂടാതെ സർക്കാർ ഉത്തരവ് (പി) നം. 118/2016 ധനവകുപ്പ് തീയ്യതി 20.08.2016 പ്രകാരമുള്ള കടാശ്വാസ പദ്ധതിയും നിലവിലുണ്ട്. മറ്റ് എല്ലാ വിഭാഗങ്ങൾ ക്കൊപ്പം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വരുടേയും ജപ്തി ഭീഷണി നേരിടുന്ന വായ്പകളിലും കടാശ്വാസം അല്ലെങ്കിൽ പലിശയിളവ് അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം അഞ്ചു ലക്ഷം രൂപ വരെയുള്ള വായ്പകളിലെ വായ്പാ തുകയുടെ ഇരട്ടിയോ, അതിലധികമോ തിരിച്ചടവ് വന്നിട്ടുള്ള വായ്പകളിൽ ശേഷിക്കുന്ന തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കൂടാതെ വായ്പാ തുകയുടെ ഒന്നര മടങ്ങ് എന്നാൽ രണ്ട് മടങ്ങ് താഴെ തിരിച്ചടവ് നടത്തിയവരുടെ വായ്പയുടെ ബാക്കി നിൽക്കുന്ന തുക 24 തുല്യമാസ ഗഡുക്കളായി പലിശ, പിഴപ്പലിശ ഒഴിവാക്കി പുന:ക്രമീകരിച്ച് കൊടുക്കുന്നു. ഈ വായ്പാ കണക്കുകളിൽ 01.09.2016 ന ശേഷം പലിശയോ, പിഴപ്പലിശയോ ഈടാക്കുന്നതല്ല. |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ പദ്ധതി നിലവിൽ ഫലപ്രദമായി നടന്നുവരുന്നു. |
| (ഡി) | ഇതിനായി നടപ്പ സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | 2225-80-190-94 ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ